# കാലിക്കറ്റ് സർവകലാശാല
## പബ്ലിക് റിലേഷൻസ് വിഭാഗം

**പത്രക്കുറിപ്പ്**
**2026 ഒക്ടോബർ 09** **website: www.uoc.ac.in**

---

**സെനറ്റ് യോഗം**

കാലിക്കറ്റ് സർവകലാശാലയുടെ പ്രത്യേക സെനറ്റ് യോഗം 2026 ഒക്ടോബർ 17-ന് (ശനി) രാവിലെ 10.00 മണിക്ക് സെനറ്റ് ഹൗസിൽ ചേരും.

***പി.ആർ. 1430/2026***

**ഓൺലൈൻ എം.ബി.എ.;**
**സ്പോട്ട് അഡ്മിഷൻ ഒക്ടോബർ 12-ന്**

കാലിക്കറ്റ് സർവകലാശാലാ വിദൂര ഓൺലൈൻ വിദ്യാഭ്യാസ കേന്ദ്രത്തിൽ 2026 - 2027 അധ്യയന വർഷം ( 2026 ആഗസ്റ്റ് സെഷൻ ) ആരംഭിക്കുന്ന യു.ജി.സി. അംഗീകൃത ഓൺലൈൻ എം.ബി.എ. ( ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ് ) പ്രോഗ്രാമിലെ ഒഴിവുള്ള സീറ്റുകളിലേക്ക് ഒക്ടോബർ 12-ന് സ്പോട്ട് അഡ്മിഷൻ നടത്തും. 2026 ഒക്ടോബർ 12-ന് അഡ്മിഷൻ പോർട്ടൽ മുഖേന രജിസ്ട്രേഷൻ പൂർത്തിയാക്കണം. സർവകലാശാലയിൽ നേരിട്ട് ഹാജരാകേണ്ടതില്ല. അപേക്ഷകളും അനുബന്ധ രേഖകളും പരിശോധിച്ച്, അന്നേദിവസം വൈകീട്ട് 04.00 മണിക്ക് മുമ്പ് ഫീസ് അടച്ച് പ്രവേശന നടപടികൾ പൂർത്തിയാക്കണം. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ cdoe.uoc.ac.in . ഇ-മെയിൽ : cdoeonline@uoc.ac.in , ഫോൺ : 0494 2407356, 2660600 ( സുവേഗ ).

***പി.ആർ. 1431/2026***

**പ്രാക്ടിക്കൽ പരീക്ഷ**

അഞ്ചാം സെമസ്റ്റർ ബി.വോക്. (സി.ബി.സി.എസ്.എസ്. - യു.ജി.) ഡയറി സയൻസ് ആന്റ് ടെക്നോളജി നവംബർ 2026 പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ 16-ന് തുടങ്ങും. കേന്ദ്രം : എം.ഇ.എസ്. കല്ലടി കോളേജ് (ഓട്ടോണമസ്), മണ്ണാർക്കാട്.

അഞ്ചാം സെമസ്റ്റർ ബി.വോക്. (സി.ബി.സി.എസ്.എസ്. - യു.ജി.) പ്രൊഫഷണൽ അക്കൗണ്ടിങ് ആന്റ് ടാക്സേഷൻ നവംബർ 2026 പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ 02 മുതൽ 05 വരെ നടക്കും. കേന്ദ്രം : ഇ.എം.ഇ.എ. കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസ്, കൊണ്ടോട്ടി. വിശദമായ ഷെഡ്യൂൾ വെബ്സൈറ്റിൽ.

***പി.ആർ. 1432/2026***

**പരീക്ഷാഅപേക്ഷ**

ഒന്നാം സെമസ്റ്റർ എം.എസ് സി. ഹെൽത് ആന്റ് യോഗാ തെറാപ്പി (2023 പ്രവേശനം മുതൽ) ഡിസംബർ 2026, ഒന്നാം സെമസ്റ്റർ എം.സി.എ. (2020 സ്കീം - 2023, 2024, 2025

പ്രവേശനം, 2026 സ്കീം - 2026 പ്രവേശനം), അഫിലിയേറ്റഡ് കോളേജുകളിലെ ഒന്നാം സെമസ്റ്റർ എം.എ., എം.എസ് സി., എം.കോം., എം.എസ്.ഡബ്ല്യൂ., എം.എ. ജേണലിസം ആന്റ് മാസ് കമ്മ്യൂണിക്കേഷൻ, എം.ടി.ടി.എം., എം.ടി.എച്ച്.എം., എം.എച്ച്.എം. (പി.ജി. - സി.ബി.സി.എസ്.എസ്. - 2019 സ്കീം - 2023 പ്രവേശനം മുതൽ), വിദൂര വിഭാഗം / സി.ഡി.ഒ.ഇ. ഒന്നാം സെമസ്റ്റർ എം.എ., എം.എസ് സി., എം.കോം. (2019 സ്കീം - 2023 പ്രവേശനം) നവംബർ 2026 റഗുലർ / സപ്ലിമെന്ററി / ഇംപ്രൂവ്മെന്റ് പരീക്ഷകൾക്ക് പിഴ കൂടാതെ ഒക്ടോബർ 27 വരെയും 210 രൂപ പിഴയോടെ 30 വരെയും അപേക്ഷിക്കാം. ലിങ്ക് ഒക്ടോബർ 12 മുതൽ ലഭ്യമാകും.

***പി.ആർ. 1433/2026***